(ബി). മൊത്തം 9.60 ലക്ഷം രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഇക്കാര്യം സംബന്ധിച്ച് തീരുമാനം ഒന്നും എടുത്തിട്ടില്ല.

പള്ളിക്കൽ പഞ്ചായത്തിൽ ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ

1383. [2068] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്കിലെ പള്ളിക്കൽ പഞ്ചായത്തിൽ ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ ഏത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഒന്നുമില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

പഴയകുന്നിൻമേൽ പഞ്ചായത്തിൽ ആർ.എൽ.ഇ.ജി.പി. പ്രകാരം നിർമ്മിച്ച റോഡുകൾ

1384. [2069] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്തംബർ 30 വരെ കിളിമാനൂർ ബ്ലോക്കിലെ പഴയകുന്നിൻമേൽ പഞ്ചായത്തിൽ ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി ചെലവഴിച്ച മൊത്തം സംഖ്യ എത്ര ?

ഉത്തരം

(എ) ഒന്ന്. പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) കിളിമാനൂർ പോലീസ് സ്റ്റേഷൻ മൊട്ടക്കുഴി-ചാവേറ്റിക്കോട് തൊളിക്കുഴി റോഡ്.

(സി) 8,81,331 രൂപ.

LIBRARY ARCHIVES Kerala Legislative Assembly